11826
14/9/15

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2010-ൽ തിരിച്ചടവ് കാലവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അധികതുക അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (കൈ) നം. **66/2015**/പജപവവിവ. തിരുവനന്തപുരം, തീയതി, **10/09/2015**

---

പരാമർശം:- 30/03/2015 ലെ സ.ഉ(അച്ചടി) നമ്പർ 24/2015/പജപവവിവ

**ഉത്തരവ്**

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും, 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിലെ 1 ലക്ഷം രൂപവരെയുള്ള ബാധ്യത എഴുതിത്തള്ളുന്ന പദ്ധതി നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കി പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു കൂടാതെ ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതിയിൽ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2225-80-190-94 NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു. തുടർന്ന് പദ്ധതിയ്ക്ക് ആവശ്യമുള്ള തുക ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

ആയത് പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രകാരമുള്ള വായ്പകൾ എഴുതി തള്ളുന്നതിലേക്കായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഉപധനാഭ്യർത്ഥന വഴി ആവശ്യമുള്ള തുക നൽകുന്നതിനും പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും ഇതിനു വേണ്ടുന്ന തുക റസ്യൂം ചെയ്യുന്നതിന് തീരുമാനിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഇന്ദർജിത് സിംഗ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം
രജിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള,
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം.
പൊതുഭരണ ( എസ്.സി) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

Salini. K.J

സെക്ഷൻ ഓഫീസർ.